



# 11-ാം പദ്ധതിയിൽ പരിസ്ഥിതിക്കൊരു രൂപരേഖ

പി.എൻ. വേണുഗോപാൽ

ഫോട്ടോ : സി.കെ. സുജിത്‌കുമാർ

**ഇതാദ്യമായി** കേരളത്തിലെ പ്ലാനിങ്ങ് ബോർഡ് 'പരിസ്ഥിതി'യെ ഒരു പ്രത്യേക വിഷയമായി പരിഗണിക്കാൻ തയ്യാറെടുക്കുന്നു. 11-ാം പദ്ധതിക്കാലത്ത് നടപ്പിൽവരുത്താനായി പരിപാടികൾ ആസൂത്രണം ചെയ്യാനും പരിസ്ഥിതിയുടെ മേഖലയിൽ കേരളം ഇന്ന് എവിടെ നിൽക്കുന്നുവെന്നു വിലയിരുത്താനായി ഒരു പരിസ്ഥിതി വർക്കിങ്ങ് ഗ്രൂപ്പ് കഴിഞ്ഞവർഷം അവസാനം രൂപീകരിക്കുകയുണ്ടായി. 1987 മുതൽ ശാസ്ത്രസാങ്കേതിക വകുപ്പിന്റെ ഭാഗമായിരുന്ന പരിസ്ഥിതി വകുപ്പിനെ ഇടതുപക്ഷ സർക്കാർ ഒരു സ്വതന്ത്ര വകുപ്പാക്കി മാറ്റിയതിനെതുടർന്ന് ആ വകുപ്പിന്റെ പ്രവർത്തനത്തിന് ഒരു രൂപരേഖ തയ്യാറാക്കലും പ്രൊഫ. എം.കെ. പ്രസാദ് അദ്ധ്യക്ഷനും സി.ആർ. നീലകണ്ഠൻ ഉപാധ്യക്ഷനുമായിരുന്ന ഈ വർക്കിങ്ങ് ഗ്രൂപ്പിന്റെ ചുമതലയായിരുന്നു.

"കേരളത്തിന്റെ ഇന്നത്തെ പോക്ക് ഒരു പാരിസ്ഥിതിക ദുരന്തത്തിലേക്കാണ്" എന്ന് അർത്ഥശങ്കക്കിടയില്ലാതെ പ്രഖ്യാപിക്കുന്ന റിപ്പോർട്ട് മാർച്ച് മാസത്തിൽ വർക്കിങ്ങ് ഗ്രൂപ്പ്, പ്ലാനിങ്ങ് ബോർഡിനു സമർപ്പിച്ചു. പൊല്യൂഷൻ കൺട്രോൾ ബോർഡ്, ലാന്റ് യൂസ് ബോർഡ് തുടങ്ങി പരിസ്ഥിതിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന 14 സർക്കാർ ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തുന്ന റിപ്പോർട്ട് പരിസ്ഥിതി സംരക്ഷണത്തിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു മന്ത്രിസഭാ സമിതി രൂപീകരിക്കണമെന്നു ശുപാർശ ചെയ്യുന്നു. "നിലവിലുള്ള നിയമങ്ങൾ തന്നെ പറയുന്നത് സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അധ്യക്ഷൻ പരിസ്ഥിതി സംരക്ഷണത്തിൽ സവിശേഷ ജ്ഞാനവും പ്രായോഗികാനുഭവങ്ങളും ഉള്ള വ്യക്തിയായിരിക്കണമെന്നാണ് അല്ലെങ്കിൽ തത്തുല്യമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളുടെ ഭരണപരിചയമെങ്കിലും ഉണ്ടാവണം, "റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ഇപ്പോഴത്തെ അധ്യക്ഷൻ ഈ യോഗ്യതയുള്ള വ്യക്തിയല്ലെന്നും റിപ്പോർട്ട് അടിവരയിട്ടു പറയുന്നു.

പരാതികൾ ലഭിച്ചാൽ മുന്നറിയിപ്പില്ലാതെത്തന്നെ പരിശോധനകൾ നടത്താനും രേഖകൾ പരിശോധിക്കാനും അധികാരമുള്ള ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും അടങ്ങിയ സംസ്ഥാനതല പരിസ്ഥിതി നിരീക്ഷണ സമിതി രൂപീകരിക്കണമെന്ന് വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശിക്കുന്നു. പുതിയ ഒരു ഭൂവിനിയോഗനയം രൂപീകരിക്കണമെന്ന ശുപാർശ നൽകിയിട്ടുണ്ട്. കൃഷിഭൂമി, പുൽമേടുകൾ, വനഭൂമി, ചതുപ്പ്, വൃഷ്ടിപ്രദേശം, വ്യാവസായികഭൂമി തുടങ്ങി വ്യത്യസ്ത മേഖലകളായി തരംതിരിച്ച് അതാത് ഉപയോഗങ്ങൾക്കുമാത്രമായി പരിമിതപ്പെടുത്തുക എന്നതാവണം ഈ ഭൂവിനിയോഗ നയത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഭരണകാര്യങ്ങളിൽ ഇന്ന് സാമ്പത്തിക വകുപ്പിനുള്ള അധികാരങ്ങൾക്ക് തുല്യമായ മേൽക്കൈ പരിസ്ഥിതി വകുപ്പിനും ലഭ്യമാക്കണമെന്ന് റിപ്പോർട്ട് ആവശ്യപ്പെടുന്നു.

11-ാം പദ്ധതിക്കാലത്ത് നടപ്പിൽവരുത്താതായി 56.05 കോടി രൂപം ചെലവ് കണക്കാക്കിയ 26 പദ്ധതികളാണ് വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ടുവെച്ചിരിക്കുന്നത്. "മലിനീകരണത്തിന് ഉത്തരവാദികളായവർ നഷ്ടപരിഹാരം നൽകണം" എന്ന തത്വം നടപ്പിൽ വരുത്തണം. ആ പണവുംകൂടി സമാഹരിച്ചുവേണം വികസന പദ്ധതികൾ മൂലം പാരിസ്ഥിതിക സന്തുലിതാവസ്ഥ തകർന്നുപോയ ഇടങ്ങളുടെ പുനരുദ്ധാരണം നടത്താൻ. എൻഡോസൾഫാൻ വിഷബാധയേറ്റ കാസർഗോഡ്, ഏലൂർ-എടയാർ വ്യവസായിക മേഖലയിൽനിന്നുള്ള വിസർജ്ജ്യവസ്തുക്കളിലൂടെ മലിനമായ കടമക്കുടി പ്രദേശം, ഭൂഗർഭജല ചൂഷണം മൂലം വിഷലിപ്തമായ പ്ലാച്ചിമട തുടങ്ങിയ മേഖലകളുടെ പുരുദ്ധാരണവും ഈ 26 പദ്ധതികളിൽ പെടും. ഇനി മുതൽ സംസ്ഥാനത്തു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പദ്ധതികളുടെയും പാരിസ്ഥിതികം മാത്രമല്ല, സാമൂഹ്യ ആഘാതങ്ങളും മുൻകൂർ